പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *733 — 17.07.2012 ൽ മറുപടിയ്ക്ക്

## കിസാൻ ക്രെഡിറ്റ് പദ്ധതി പ്രകാരം വായ്പ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.സി.ദിവാകരൻ<br>ശ്രീ.കെ.രാജു<br>ശ്രീ.ഇ.കെ.വിജയൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കിസാൻ ക്രെഡിറ്റ് പദ്ധതി പ്രകാരം കർഷകർക്ക് പരമാവധി എത്ര രൂപ വരെ വായ്പ ലഭിക്കുന്നുണ്ട്; | (എ) കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിപ്രകാരം കർഷകർക്ക് ലഭിക്കുന്ന വായ്പ കൃഷി ചെയ്യുന്ന വിള, കൃഷി സ്ഥലത്തിന്റെ വിസ്തൃതി, അനുബന്ധപ്രവർത്തനങ്ങൾക്കും കാർഷിക യന്ത്രങ്ങളുടെ പരിപാലനത്തിനും വേണ്ട പ്രവർത്തന മൂലധനം തുടങ്ങിയ കാര്യങ്ങൾ കണക്കാക്കിയാണ് നിശ്ചയിക്കുന്നത്. കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിലെ വായ്പയ്ക്ക് പരമാവധി പരിധി നിശ്ചയിച്ചിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള പലിശ ഇളവ് 3 ലക്ഷം രൂപ വരെയുള്ള വായ്പയ്ക്ക് മാത്രമെ ലഭിക്കുകയുള്ളൂ. |
| (ബി) പൊതുമേഖലാ ബാങ്കുകൾ വഴി നടപ്പാക്കി വന്ന ഈ പദ്ധതിയിൽ ഷെഡ്യൂൾഡ് ബാങ്കുകളെയും സഹകരണ ബാങ്കുകളെയും കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ബി) രാജ്യത്തെ എല്ലാ വാണിജ്യ സഹകരണ ബാങ്കുകളിലൂടെയും കിസാൻ ക്രെഡിറ്റ് കാർഡ് വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. (ഇതിൽ ദേശസാൽകൃത, സ്വകാര്യ ഷെഡ്യൂൾഡ്, സഹകരണ ബാങ്കുകൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്). |
| (സി) ഇത്തരം വായ്പകൾക്ക് പൊതുമേഖലാ ബാങ്കുകൾ എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത്, ഷെഡ്യൂൾഡ് ബാങ്കുകളിലും സഹകരണ ബാങ്കുകളിലും എത്ര ശതമാനം പലിശയാണ് ഇതിന് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) പൊതുമേഖലാ ബാങ്കുകളിൽ കൂടി നൽകുന്ന വായ്പക്ക് കേന്ദ്രസർക്കാർ പലിശ സബ്സിഡി നൽകുന്നതുകൊണ്ട് 3 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് പരമാവധി പലിശ 7 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്വകാര്യ ബാങ്കുകൾക്ക് പലിശ സബ്സിഡി കേന്ദ്രസർക്കാർ നൽകാത്തതിനാൽ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിക്ക് 10 മുതൽ 12 ശതമാനം വരെ പലിശ ഈടാക്കുന്നുണ്ട്. |

(ഡി) ഷെഡ്യൂൾഡ് ബാങ്കിനും സഹകരണ ബാങ്കിനും പലിശ സബ്സിഡി നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ബാങ്കുകളിൽ നിന്നും ഉയർന്ന പലിശനിരക്കിൽ വായ്പയെടുക്കുന്ന കർഷകരെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

(ഡി) സഹകരണ ബാങ്കിൽ നിന്നും എടുക്കുന്ന 3 ലക്ഷം രൂപ വരെയുള്ള കിസാൻ ക്രെഡിറ്റ് കാർഡ് വായ്പയ്ക്കും പലിശ സബ്സിഡി ലഭ്യമാണ്. സ്വകാര്യ ഷെഡ്യൂൾഡ് ബാങ്കുകളിൽ ഈ സഹായം ലഭിക്കുകയില്ല. കേന്ദ്ര സർക്കാരിന്റെ പലിശ സബ്സിഡി സ്വകാര്യ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും എടുക്കുന്ന വായ്പകൾക്ക് കൂടി ലഭ്യമാക്കണമെന്ന് സംസ്ഥാനതല ബാങ്കേഴ്സ് സമിതി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരും ഇത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

സെക്ഷൻ ഓഫീസർ